**ജീവന്റെ തുടിപ്പുകളിൽ വിഷം**
**കലക്കിയ കീടനാശിനികൾക്കെതിരെ,**
**അതിന് അണിയറയൊരുക്കിയ**
**നരാധമർക്കെതിരെ ഇന്നും കാസർഗോഡ്**
**തുടരുന്ന അതിജീവന സമരങ്ങളുടെ**
**അനുഭവങ്ങൾ വിവരിക്കുന്നു**

**എ. മോഹൻകുമാർ**

# തലമുറകൾ തകർക്കുന്ന ഈ വിഷം ഞങ്ങൾ തളരാതെ തടുക്കും

**കഴിഞ്ഞ** ഒന്നരവർഷമായി കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതർക്കൊപ്പമാണ് ഞാൻ പ്രധാനമായും പ്രവർത്തിക്കുന്നത്. രണ്ട് കാര്യങ്ങളാണ് എൻഡോസൾഫാൻ പ്രശ്നത്തിൽ ഇടപെടുന്നതിലൂടെ യഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നത്. ഒന്ന്, എൻഡോസൾഫാൻ ദുരന്ത ബാധിത മേഖലയിലെ സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനാവശ്യമായ സമരപരിപാടികൾ നടത്തുക. രണ്ട്, ആ പ്രദേശത്തിന്റെ ജൈവപുനരുജ്ജീവനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ജൈവപുനരുജ്ജീവന പ്രവർത്തനങ്ങൾക്കുള്ള മുൻകൈ സമരപ്രവർത്തനത്തിൽ ഏർപ്പെടുന്നവർ തന്നെ എടുക്കേണ്ട സ്ഥിതിയാണ് ഇവിടെ നിലനിൽക്കുന്നത്. കാസർഗോഡ് തന്നെയുള്ള കാർഷിക ഗവേഷണ സ്ഥാപനങ്ങളായ സി.പി.സി.ആർ.ഐ (Central Plantation Crops Research Institute - CPCRI), പടന്നക്കാട് കാർഷിക കോളേജ്, പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിലുള്ള ശാസ്ത്രജ്ഞന്മാരുടെ നിർദ്ദേശ പ്രകാരമാണ് കാസർഗോഡ് എൻഡോസൾഫാൻ തളിച്ചത്. അതുകൊണ്ടുതന്നെ ജൈവപുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് പ്രായോഗികമായും ധാർമ്മികമായും നേതൃത്വം നൽകാൻ അവർക്ക് കഴിയില്ല. കാസർഗോഡിലെ പ്രശ്നങ്ങൾക്ക് കാരണം എൻഡോസൾഫാനല്ല എന്ന് ഉറച്ച് വിശ്വസിക്കുന്നവരാണ് ഇവിടങ്ങളിലുള്ള പല ശാസ്ത്രജ്ഞന്മാരും. അത്തരം ആളുകളുള്ള സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് നീതി പ്രതീക്ഷിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ജനകീയമായ പ്രവർത്തനങ്ങളിലൂടെ കാസർഗോഡിലെ കൃഷി രാസവളങ്ങളും കീടനാശിനികളുമില്ലാത്തതാക്കി തീർക്കാൻ ഞങ്ങൾ ശ്രമിക്കുന്നത്.

വിഷവിമുക്തമായ കൃഷി എങ്ങനെയെല്ലാം സാധ്യമാകും എന്ന അന്വേഷണങ്ങളിലും പ്രായോഗിക പരീക്ഷണങ്ങളിലും ഞങ്ങൾ വ്യാപൃതരാണ്. ജൈവകൃഷിയുടെ വിവിധ രൂപങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്താനുള്ള ശ്രമം ഊർജ്ജിതമായി നടക്കുന്നു. അതിൽതന്നെ ഒരു പാക്കേജ് എന്ന നിലയിൽ ചെയ്യാൻ കഴിയുന്ന സുഭാഷ്




ഫോട്ടോ: മധുരാജ്

പാലേക്കറുടെ ചിലവില്ലാ പ്രകൃതി കൃഷിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള ശ്രമമാണ് പ്രധാനമായും നടക്കുന്നത്. കാസർഗോഡിലെ 5000ൽ അധികം കർഷകർക്ക് ഞങ്ങൾ പരിശീലനം നൽകി കഴിഞ്ഞു.

### സമരപ്രവർത്തനങ്ങൾ

എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വർഷങ്ങളായി നടക്കുന്ന സമരത്തിന് പ്രശ്നത്തെ ജനശ്രദ്ധയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും അവ പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ജനകീയ സമരമായി വികസിക്കാൻ കഴിഞ്ഞിട്ടില്ല. മധുരാജിനെപ്പോലെയുള്ളവർ പകർത്തിയ ചിത്രങ്ങളും മാധ്യമങ്ങളുടെ ആത്മാർത്ഥമായ പിന്തുണയുമാണ് സമരത്തെ ജനകീയമാക്കുന്നതിൽ വലിയൊരളവുവരെ സഹായിച്ചത്. സമരം ചെയ്യുന്നവരും ദുരിത ബാധിതർക്ക് സാമ്പത്തിക സഹായം നൽകുന്നവരുമായി പല തലങ്ങളിൽ പ്രവർത്തിക്കുന്ന എൻഡോസൾഫാൻ വിരുദ്ധ സംഘടനകൾ കാസർഗോഡ് ഉണ്ട്. എന്നാൽ അത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയാതിരുന്നതും സമരത്തിന്റെ ശക്തി കുറച്ചിട്ടുണ്ട്. ആ ഏകോപനത്തിനുള്ള ശ്രമങ്ങളും എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ ഭാഗമായി ഞങ്ങൾ നടത്തുന്നുണ്ട്. കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച ശുപാർശകൾ നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച് 2012 ഏപ്രിൽ 20 മുതൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ കാസർഗോഡ് കളക്ട്രേറ്റിന് മുന്നിൽ ദുരിതബാധിതരായ കുട്ടികളുടെ അമ്മമാരുടെ പങ്കാളിത്തത്തോടെ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണ്. സമരത്തിനോട് സർക്കാർ അനുഭാവം പ്രകടിപ്പിക്കാത്തതിനാൽ ജൂൺ 25 മുതൽ അമ്മമാർ റിലേ നിരാഹര മായി സമരം മാറ്റി.

### ഭോപ്പാലിൽ നിന്നും

ഇതിനിടയിൽ തദ്ദേശവാസികളുടെ എതിർപ്പ് കാരണം പെരിയയിൽ നടന്ന എൻഡോസൾഫാൻ വിരുദ്ധ സമരം നിർത്തിവയ്ക്കേണ്ടി വന്നു. രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലാണ് തദ്ദേശ വാസികളുടെ എതിർപ്പിന് കാരണമെന്ന് പിന്നീട് ഞങ്ങൾ തിരിച്ചറിഞ്ഞു. നിങ്ങളുടെ പ്രദേശം എൻഡോസൾഫാൻ ബാധിതമായി മുദ്രകുത്തപ്പെട്ടാൽ ജീവിതം ദുസ്സഹമായിത്തീരുമെന്ന് രാഷ്ട്രീയ പാർട്ടികൾ പ്രചാരണം നടത്തി. ആ പ്രചാരണം ഫലിക്കുകയും നാട്ടുകാർ സമരത്തിന് എതിരെ തിരിയുകയും ചെയ്തു. എൻഡോസൾഫാൻ വിഷയത്തിന്റെ വ്യാപ്തിയെക്കുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മയാണ് ഈ സംഭവത്തിൽ നിന്നും വെളിപ്പെട്ടത്. വിഷഭീകരതയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ ബോധ്യമുണ്ടാക്കേണ്ടതുണ്ട് എന്ന തോന്നലുണ്ടാവുകയും ഞാൻ മുൻകൈയെടുത്ത് ഭോപ്പാൽ ദുരന്തത്തിന്റെ ഇരകളോടൊപ്പം പ്രവർത്തിക്കുന്ന സതിനാഥ് സാരംഗിയെ കാസർഗോഡ് കൊണ്ടുവരുകയും ചെയ്തു. ഭോപ്പാലിലും കാസർഗോഡും സമാനമായ സാഹചര്യ

ങ്ങളാണുള്ളത്. രണ്ടിടത്തെയും രോഗങ്ങളും സമാനമാണ്. ജനിതക രോഗങ്ങൾ, മാനസിക വൈകല്യം, അംഗവൈകല്യം എന്നീ പ്രശ്നങ്ങൾ അവിടെയുമുണ്ട്. ഭോപ്പാലിലും ഇരകൾക്ക് ഇനിയും നീതി ലഭിച്ചിട്ടില്ല. യൂണിയൻ കാർബൈഡ് കമ്പനിക്കുള്ളിൽ കെട്ടി കിടക്കുന്ന രാസമാലിന്യം നീക്കം ചെയ്തിട്ടില്ല. സമരം തുടരുകയാണ്. അത്തരം സമാനതകൾ കാരണം സതിനാഥ് സാരംഗിയുടെ വരവ് ചില പാഠങ്ങൾ ഇരുകൂട്ടർക്കും പരസ്പരം കൈമാറുന്നതിന് സഹായകമായി.

## കെട്ടിക്കിടക്കുന്ന വിഷം

കാസർഗോഡിലെ വിവിധ പ്രദേശങ്ങളിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ (പി.സി.കെ) ഗോഡൗണുകളിൽ കെട്ടി കിടക്കുന്ന എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനായി സർക്കാർ നടപടി തുടങ്ങിയത് ആശ്വാസകരമായ കാര്യമാണ്. ബാരലുകൾ പൊട്ടി മാരകവിഷം ഒലിച്ചിറങ്ങുന്ന അവസ്ഥയായിരുന്നു പലയിടത്തും ഉണ്ടായിരുന്നത്. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ തുടർച്ചയായ സമരങ്ങളുടെ ഫലമായാണ് സർക്കാർ അത്തരമൊരു തീരുമാനത്തിലേക്ക് എത്തിയത്. എൻഡോസൾഫാൻ നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡി (HIL) ന്റെയും ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഓർഗനൈസേഷ (DRDO) ന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മേൽനോട്ടത്തിലാണ് വിദേശത്ത് നിന്നും കൊണ്ടുവന്ന സുരക്ഷിതമായ പുതിയ ബാരലുകളിലേക്ക് എൻഡോസൾഫാൻ മാറ്റിയത്. അഞ്ച് ലക്ഷം രൂപ ഈ പരിപാടിക്ക് വേണ്ടി സർക്കാറിന് ചിലവാക്കേണ്ടി വന്നു. ഓപ്പറേഷൻ ബ്ലോസം സ്പ്രിംഗ് എന്ന മനോഹരമായ പേരും പരിപാടിക്കുണ്ടായിരുന്നു. 25 വർഷത്തിലധികമായി പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾ യാതൊരു സുരക്ഷാ കവചങ്ങളുമില്ലാതെ കൈകൊണ്ട് കലക്കി തളിച്ചിരുന്ന എൻഡോസൾഫാനാണ് വലിയ മാസ്ക് ധരിച്ച് സുരക്ഷാ സന്നാഹങ്ങളോടെ ഒരു ബാരലിൽ നിന്നും മറ്റൊന്നിലേക്ക് മാറ്റിയത് എന്നതാണ് വലിയ വിരോധാഭാസം. വിഷത്തിന്റെ മാരകത എത്രത്തോളമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നതായിരുന്നു അവരുടെ പ്രവൃത്തി.

എൻഡോസൾഫാൻ ഒരു കുഴപ്പവുമുണ്ടാക്കില്ല എന്ന നിലപാടാണ് പ്ലാന്റേഷൻ കോർപ്പറേഷന് ഇപ്പോഴുമുള്ളത്. എന്നാൽ അന്നത്തെ സുരക്ഷാ ക്രമീകരണങ്ങൾ കണ്ടാൽ പ്ലാന്റേഷൻ കോർപ്പറേഷന് പോലും എൻഡോസൾഫാനോടുള്ള പേടി ആർക്കും ബോധ്യമാകും. സുരക്ഷിതമായ ബാരലുകളിലേക്ക് മാറ്റി എന്നല്ലാതെ എൻഡോസൾഫാൻ ഇതേവരെ നിർവീര്യമാക്കിയിട്ടില്ല. കാസർഗോഡിന്റെ മണ്ണിൽ അത് ഇപ്പോഴും സൂക്ഷിച്ചിരിക്കുകയാണ്. ഈ വിഷം അത് ഉത്പാദിപ്പിച്ച കമ്പനിയിൽ കൊണ്ടുപോയി സംസ്കരിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കാസർഗോഡിന്റെ മണ്ണിലോ വെള്ളത്തിലോ വായുവിലോ എൻഡോസൾഫാൻ കലരാൻ ഇനി ഞങ്ങൾ അനുവദിക്കില്ല.

## ആരോഗ്യസ്ഥാപനങ്ങളുടെ അപര്യാപ്തത

വൈദ്യശുശ്രൂഷയിൽ സമഗ്രമായ ഒരു ചികിത്സാ പദ്ധതി വേണമെന്നത് സമരത്തിന്റെ തുടക്കം മുതൽ ജനങ്ങൾ മുന്നോട്ട് വയ്ക്കുന്ന ഒരു ആവശ്യമാണ്. അലോപ്പതിയും ആയുർവേദവും ഹോമിയോപ്പതിയും യോജിപ്പിച്ചുകൊണ്ടുള്ള ചികിത്സാ സമീപനമാണ് എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഫലപ്രദമാകുന്നത്. നിലവിൽ ലഭ്യമാകുന്ന ചികിത്സ താത്കാലിക ശമനം നൽകുന്നുണ്ടെങ്കിലും ആരുടെയും രോഗം ഭേദമായിട്ടില്ല. ഭോപ്പാൽ വാതക ദുരന്തത്തിന്റെ ഇരകൾക്ക് കൂടുതൽ ഫലപ്രദമായത് പഞ്ചകർമ്മ ചികിത്സയായിരുന്നു. ഡോ. വിജയൻ പരിശീലനം നൽകിയ ഡോ. ബിജു ഭോപ്പാലിൽ നടപ്പിലാക്കിയ പഞ്ചകർമ്മ ചികിത്സാ പദ്ധതി രോഗികൾക്ക് വലിയ ആശ്വാസമായിരുന്നു. ശരീരത്തിന്റെ ചലനം ശരിയാക്കുന്നതിനും ശരീരത്തിനുള്ളിൽ കടന്ന വിഷം പുറത്ത് കളയുന്നതിനും പഞ്ചകർമ്മ പോലെ ഫലപ്രദമായ ചികിത്സയില്ലെന്നാണ് സതിനാഥ് സാരംഗി അനുഭവത്തിൽ നിന്നും വിവരിക്കുന്നത്. സമാനമായ രോഗങ്ങളുള്ളതിനാൽ അത്തരമൊരു ചികിത്സാ പദ്ധതി കാസർഗോഡും ആരംഭിക്കാൻ സർക്കാർ മുൻകൈയെടുക്കണം.

ആകെ ആശ്വാസമായിരുന്ന അലോപ്പതി ചികിത്സപോലും കിട്ടാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരില്ല. ഡോക്ടർമാരെ നിയമിക്കണം എന്ന് ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ കാസർഗോഡ് ജില്ലയിലേക്ക് ഡോക്ടർമാർ വരുന്നില്ലെന്നും നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ നിയമിക്കാമെന്നുമുള്ള തീർത്തും നിരുത്തരവാദപരമായ മറുപടിയാണ് കേരള മുഖ്യൻ ഞങ്ങളോട് പറഞ്ഞത്. എൻഡോസൾഫാൻ ദുരിത ബാധിതരായ രോഗികളെ ഏറെ ദൂരെയുള്ള ആശുപത്രികളിലേക്ക് സ്ഥിരമായി ജോലിക്ക് കൊണ്ടുപോവുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. അവർക്ക് ആവശ്യമായിവരുന്ന ചികിത്സാ സൗകര്യങ്ങൾ കിട്ടണമെങ്കിൽ പരിയാരം മെഡിക്കൽ കോളേജ് വരെ പോകേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇത്രകാലം കഴിഞ്ഞിട്ടും അത്തരം സൗകര്യങ്ങളുള്ള ഒരു ആശുപത്രി കാസർഗോഡ് നിർമ്മിക്കാൻ സർക്കാറിന് കഴിഞ്ഞിട്ടില്ല.

## മനുഷ്യാവകാശ കമ്മീഷനും അവഗണന

എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ 2010 ഡിസംബർ 31 ലെ ഉത്തരവ് നടപ്പിലാക്കുന്നതിൽ സർക്കാർ വലിയ കാലതാമസം വരുത്തി. മരണമടഞ്ഞവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപയും രോഗികളായവർക്ക് മൂന്ന് ലക്ഷം രൂപയും ചികിത്സാ സഹായം നൽകാനാണ് സർക്കാർ കമ്മീഷൻ ആവശ്യപ്പെട്ടത്. കാഞ്ഞങ്ങാട് എം. എൽ.എ ഇ. ചന്ദ്രശേഖരൻ നിയമസഭയിൽ ചോദ്യമുന്നയിച്ചപ്പോൾ നഷ്ടപരിഹാരം നൽകാൻ സർക്കാർ എത്രയും വേഗം നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. എന്നിട്ടും കാര്യമായ ഒരു നീക്കവുമുണ്ടായില്ല. ഒടുവിൽ, ഉത്തരവ് നടപ്പിലാക്കിയില്ലെങ്കിൽ സുപ്രീംകോടതിയെ സമീപിക്കുമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുഖ്യമന്ത്രി അറിയിച്ചതിനെ തുടർന്നാണ് സർക്കാർ നഷ്ടപരിഹാരം നൽകാൻ തയ്യാറായത്. നഷ്ടപരിഹാരം നൽകുന്നതിനായി 27 കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷൻ സർക്കാറിന് കൈമാറിക്കഴിഞ്ഞു. എന്നിട്ടും ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. സർക്കാറിന്റെ അനാസ്ഥയെ തുടർന്നാണ് കളക്ട്രേറ്റിന് മുന്നിൽ എൻഡോസൾ



ഫോട്ടോ: ശ്രീജിത്ത്

ഫാൻ ദുരന്തബാധിതരായ കുട്ടികളുടെ അമ്മമാർ സത്യാഗ്രഹം ആരംഭിക്കുന്നുത്.

### കാണാതെ പോയ മുഖ്യമന്ത്രി

കാസർഡോഡ് ജില്ലയിലെ മിക്ക ജനപ്രതിനിധികളും സമരപന്തലിൽ പലതവണ വന്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ മുഖ്യമന്ത്രിയും കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തലയും ഇതിനിടയിൽ പലതവണ കാസർഗോഡ് വന്നിട്ടും സമരപ്രവർത്തകരെ കാണാൻ തയ്യാറായിട്ടില്ല. കളക്ട്രേറ്റിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യാൻ മുഖ്യമന്ത്രി വന്ന ദിവസം, അദ്ദേഹം കളക്ട്രേറ്റിന് മുന്നിലെ സമരപന്തൽ സന്ദർശിക്കുമെന്ന് പ്രതീക്ഷിച്ച് നൂറ് കണക്കിന് അമ്മമാർ അവരുടെ രോഗബാധിതരായ കുട്ടികളുമായി കാത്തുനിന്നു.

ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്ത് നടത്തിയ എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തെക്കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്യാൻ വന്നിട്ടുപോലും ദുരിതബാധിതരെ കാണാൻ മുഖ്യമന്ത്രി തയ്യാറായില്ല. അവർക്ക് മുന്നിലൂടെ, സമരപന്തലിന് മുന്നിലൂടെ അദ്ദേഹം അതിവേഗത്തിൽ കാറോടിച്ചുപോയി.

അടുത്തദിവസം സാമൂഹികക്ഷേമ വകുപ്പ് മന്ത്രി എം.കെ. മുനീർ സമരപന്തലിൽ വന്ന് ഞങ്ങളോട് സംസാരിക്കുകയും പ്രശ്നങ്ങളെല്ലാം പരിഹരിക്കാമെന്നും സമരം അവസാനിപ്പിക്കണമെന്നും പറഞ്ഞു. ഒരുറപ്പും കിട്ടാതെ എങ്ങനെയാണ് സമരം അവസാനിപ്പിക്കേണ്ടത്?

**നഷ്ടപരിഹാരം നൽകുന്നതിനായി 27 കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷൻ സർക്കാറിന് കൈമാറിക്കഴിഞ്ഞു. എന്നിട്ടും ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. സർക്കാറിന്റെ അനാസ്ഥയെ തുടർന്നാണ് കളക്ട്രേറ്റിന് മുന്നിൽ എൻഡോസൾഫാൻ ദുരന്തബാധിതരായ കുട്ടികളുടെ അമ്മമാർ സത്യാഗ്രഹം ആരംഭിക്കുന്നുത്**

### കോൺകോർഡ് –2012

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവും കാസർഗോഡിന്റെ ജൈവപുനരുജ്ജീവനവും ചർച്ച ചെയ്യാൻ വേണ്ടി ജൂലൈ 22, 23 തീയതികളിൽ നടത്തിയ ദേശീയ സെമിനാർ (കോൺകോർഡ് –2012) ഫലപ്രദമായ പല നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയുണ്ടായി. സന്നദ്ധസംഘടനകളുടെ വലിയ പങ്കാളിത്തം സെമിനാറിലുണ്ടായിരുന്നു. ജനങ്ങളുടെ സമരത്തെ പിന്തുണയ്ക്കുന്ന വളരെ അപൂർവ്വം സംഘടനകൾ മാത്രമാണ് അക്കൂട്ടത്തിലുണ്ടായിരുന്നത്. കൃഷിയുമായി ബന്ധപ്പെട്ട സംവാദത്തിൽ ഞാനും സംസാരിച്ചു. സെമിനാർ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എങ്ങനെ പ്രായോഗികമായി മുന്നോട്ട് കൊണ്ടുപോകും എന്നതാണ് പ്രധാന വെല്ലുവിളി. കാരണം സെമിനാറിന് നേതൃത്വം നൽകിയ ജില്ലാ പഞ്ചായത്തിനും കളക്ടർക്കുമെല്ലാം പ്രശ്നം പരിഹരിക്കണമെന്ന് അതിയായ താത്പര്യമുണ്ടെങ്കിലും സർക്കാറിന് ഇക്കാര്യത്തിൽ ഒരുതാത്പര്യവുമില്ല.

### രമേശ് സൂപ്പർ മുഖ്യനോ?

വർഷങ്ങളായി നടക്കുന്ന ചികിത്സ പല കുടുംബങ്ങളെയും വലിയ കടബാധ്യതയിലാക്കിയിട്ടുണ്ട്. അത്തരം ബാധ്യതകൾ എഴുതിതള്ളണമെന്ന ആവശ്യമാണ് കഴിഞ്ഞ ജൂൺ 12–ാം തീയതി മുഖ്യമന്ത്രിയുടെ ചേംബറിൽ വച്ച് നടന്ന ചർച്ചയിൽ എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയുടെ പ്രവർത്തകർ പ്രധാനമായും ഉയർത്തിയത്. മുഖ്യമന്ത്രിയാണ് ചർച്ച വിളിച്ചതെങ്കിലും രമേശ് ചെന്നിത്തലയാണ് ചർച്ചയിൽ ഉടനീളം ഇടപെട്ടത്. അതുകൊണ്ടുതന്നെ ചർച്ചയൊന്നും നടന്നില്ല. കെ.പി.സി.സി പ്രസിഡന്റ് സൂപ്പർ മുഖ്യമന്ത്രിയായി അവതരിക്കുകയായിരുന്നു ചർച്ചയിൽ.

കാസർഗോഡ് മാത്രമല്ല, കോഴിക്കോടും ഇടുക്കിയിലും പാലക്കാടും എൻഡോസൾഫാൻ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അതൊന്നും നിങ്ങൾ അന്വേഷിക്കേണ്ട കാര്യമില്ല എന്നാണ് രമേശ് പറഞ്ഞത്. അദ്ദേഹം സംസാരിക്കുന്ന രീതിയിൽ തന്നെയുള്ള മറുപടി പറയാൻ ഞങ്ങൾക്ക് അറിയാഞ്ഞിട്ടല്ല, അത്രത്തോളം തരംതാണവരല്ല കാസർഗോഡിലെ ജനങ്ങൾ എന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഞങ്ങൾ നിശബ്ദതപാലിച്ചത്.

### ലക്ഷങ്ങളുടെ പ്രഖ്യാപനങ്ങൾ

കാസർഗോഡിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലക്ഷക്കണക്കിന് രൂപ അനുവദിച്ചു മിക്കദിവസവും പലയിടത്തും വച്ച് രാഷ്ട്രീയ നേതൃത്വങ്ങൾ പ്രഖ്യാപിക്കാറുണ്ട്. ഇതു കേട്ടാൽ ദുരിതബാധിതരുടെ പ്രശ്നങ്ങളെല്ലാം അവസാനിച്ചെന്നും അവർ

ക്ക് ധാരാളം പണം ലഭിക്കുന്നുണ്ടെന്നും ആരും ചിന്തിച്ചുപോകും. ഉത്തരവാദിത്തപ്പെട്ട പദവികളിൽ ഇരിക്കുന്നവരാണ് ഇത്തരം പ്രസ്താവനകൾ നടത്താറുള്ളത്. എന്നാൽ ഈ പ്രഖ്യാപിക്കുന്ന ലക്ഷങ്ങൾ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരവുമായി ബന്ധമില്ലാത്തവയാണ്. എല്ലാ ജില്ലയിലും വികസനപ്രവർത്തനങ്ങൾക്കായി നബാർഡ് നൽകുന്ന സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുണ്ട്. അത്തരം പദ്ധതികൾ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുമ്പോൾ അത് എൻഡോസൾഫാൻ ദുരിതബാധിതരുടെ പേരിലാക്കി മാറ്റും.

കാസർഗോഡ് എം.പിയുടെ നിർദ്ദേശപ്രകാരം 137 കോടി രൂപയുടെ ഫണ്ട് വിവിധ വികസനപ്രവർത്തനങ്ങൾക്കായി നബാർഡ് അനുവദിച്ചിട്ടുണ്ട്. റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കാനാണ് ആ തുക പ്രധാനമായും ഉപയോഗിക്കുന്നത്. എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പേരിൽ ഈ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അവർക്ക് വേണ്ടി സർക്കാർ പലതും ചെയ്യുന്നുണ്ട് എന്ന മിഥ്യാധാരണ സൃഷ്ടിക്കപ്പെടുന്നു. എൻഡോസൾഫാൻ പ്രശ്നമുണ്ടായിരുന്നില്ലെങ്കിലും ഈ തുക അവിടെ അനുവദിക്കപ്പെടും. ഇരകളുടെ പേരിൽ മുതലെടുപ്പ് നടത്താനുള്ള ശ്രമമാണത്.

എൻഡോസൾഫാന്റെ ഇരകൾക്ക് വേണ്ടത് മാന്യമായ പുനരധിവാസവും ചികിത്സാ സഹായവും ശുദ്ധമായ വായുവും വെള്ളവുമൊക്കെയാണെന്ന് ഇവരുടെ പേരിൽ ഈ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് നന്നായറിയാം. എന്നാൽ അതിന് അവർ മുൻകൈയെടുക്കുന്നുമില്ല.

## കടങ്ങൾ എഴുതിത്തള്ളണം

ചികിത്സയ്ക്കായി ബാങ്കിൽ നിന്നും കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനായി സർക്കാർ നൽകിയ മൊറട്ടോറിയം പിൻവലിച്ചതോടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതല്ല എന്ന നോട്ടീസ് മിക്ക ബാങ്കുകളുടെയും മുന്നിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ജപ്തി നോട്ടീസ് പലർക്കും കിട്ടിത്തുടങ്ങി. കടം എഴുതത്തള്ളണമെന്ന് മുഖ്യമന്ത്രി വിളിച്ച ചർച്ചയിൽ ഞങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഫലമുണ്ടായില്ല.

സർക്കാറിന്റെ പക്ഷത്ത് നിന്നുമുണ്ടായ ഒരു കുറ്റമായി എൻഡോസൾഫാൻ ദുരന്തത്തെ പരിഗണിക്കാൻ ഭരണാധികാരികൾ തയ്യാറല്ല എന്നതാണ് കടം എഴുതിത്തള്ളാത്തതിന് കാരണം. എന്തോ പ്രകൃതി ദുരന്തമുണ്ടായതുപോലെയാണ് എൻഡോസൾഫാൻ ദുരന്തത്തെ അവർ കാണുന്നത്. ഭരണാധികാരികളുടെ അറിവോടെ, ശാസ്ത്രജ്ഞന്മാരുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കിയ ഒരു ക്രിമിനൽ ആക്ടിവിറ്റിയുടെ ഫലമായാണ് ദുരന്തമുണ്ടായതെന്ന് അവർ അംഗീകരിക്കണം. തീർച്ചയായും ദുരന്തമുണ്ടാകുമെന്ന് അറിഞ്ഞുകൊണ്ട് ചെയ്ത ഒരു കുറ്റം തന്നെയാണ് ഇവിടെ നടന്നിരിക്കുന്നത്. ലോകത്തൊരിടത്തും ഒരു കീടനാശിനിയും തുടർച്ചയായി 25 വർഷം തളിച്ചിട്ടില്ല എന്നതുതന്നെ അത് വ്യക്തമാക്കുന്നു.

## ജനപക്ഷ പഠനങ്ങൾ

എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഏറ്റവും മികച്ചതും പ്രശ്നത്തിനോട് നീതിപുലർത്തുന്നതുമായ പഠനം നടത്തിയത് കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭഗത്തിലെ ഡോക്ടർമാരാണ്. ഡോ. ടി. ജയകൃഷ്ണന്റെ നേതൃത്വത്തിൽ സമർപ്പിക്കപ്പെട്ട ആ പഠന റിപ്പോർട്ടിൽ പോലും തിരുത്തൽ വരുത്തണമെന്നാണ് മുഖ്യമന്ത്രി ആരോഗ്യവകുപ്പ് സെക്രട്ടറി വഴി ആവശ്യപ്പെട്ടത്. എൻഡോസൾഫാൻ നിർമ്മിക്കുന്ന കമ്പനികൾ ആവശ്യപ്പെട്ടതുപ്രകാരമുള്ള തിരുത്തലുകൾ നടത്തണമെന്നാണ് സർക്കാർ പറഞ്ഞത്. സർക്കാർ ആരുടെ പക്ഷത്താണ് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. താൻ പറഞ്ഞിട്ടാണ് ആരോഗ്യവകുപ്പ് സെക്രട്ടറി കത്തെഴുതിയതെന്ന് മുഖ്യമന്ത്രിക്ക് സമ്മതിക്കേണ്ടി വന്നു. എന്നാൽ ഡോക്ടർമാർ, ഭീഷണികളെയെല്ലാം അതിജീവിച്ച് ധീരമായി നിലപാടിൽ ഉറച്ചുനിന്നതിനാൽ സർക്കാർ നീക്കം പരാജയപ്പെട്ടു. ജനപക്ഷത്ത് നിൽക്കുന്ന അത്തരം വിദഗ്ധരാണ് പലപ്പോഴും ആശ്വാസമായിട്ടുള്ളത്.

## പി.സി.കെയുടെ കുറ്റസമ്മതം

എൻഡോസൾഫാൻ ദുരന്തബാധിതർക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി 27 കോടി രൂപ നൽകാൻ പ്ലാന്റേഷൻ കോർപ്പറേഷൻ തയ്യാറായതോടെ അവർ ഫലത്തിൽ കുറ്റസമ്മതം നടത്തിയിരിക്കുകയാണ്. ദുരന്തത്തിന് കാരണം തങ്ങളാണെന്ന് പരസ്യമായി സമ്മതിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ പോലും പരോക്ഷമായി അവർ കുറ്റസമ്മതം നടത്തിയിരിക്കുന്നു. അല്ലെങ്കിൽ ലാഭവിഹിതത്തിൽ നിന്നും ഇത്രയും വലിയ തുക എൻഡോസൾഫാൻ ദുരന്തബാധിതർക്ക് നൽകേണ്ട കാര്യം പി.സി.കെയ്ക്ക് ഇല്ലല്ലോ.

എൻഡോസൾഫാൻ ബാധിതരെ ചികിത്സിക്കുന്നതിനായി പി.സി.കെയുടെ പങ്കാളിത്തത്തോടെ കാസർഗോഡ് ഒരു മെഡിക്കൽ കോളേജ് പണിയുന്നതിനും അവർ ശ്രമം തുടങ്ങിയിരിക്കുന്നു. അവർ തന്നെ രോഗമുണ്ടാക്കുന്നു. അവർ തന്നെ ചികിത്സിക്കുന്നു. ചികിത്സയിലൂടെ അവർ തന്നെ വീണ്ടും ലാഭമുണ്ടാക്കുന്നു. കശുവണ്ടിയുടെ കാലം കഴിഞ്ഞു, ഇനി സ്വകാര്യമെഡിക്കൽ കോളേജാണ് ലാഭകരമെന്ന് പി.സി.കെയ്ക്കറിയാം.

## ധാർഷ്ട്യം കൈവിടുന്ന തൊഴിലാളി യൂണിയനുകൾ

തൊഴിലാളികളെയും തൊഴിലാളി സംഘടനകളെയും മുന്നിൽ നിർത്തിയാണ് ആദ്യകാലങ്ങളിൽ പ്ലാന്റേഷൻ കോർപ്പറേഷൻ എൻഡോസൾഫാൻ വിരുദ്ധ സമരത്തെ നേരിട്ടത്. എല്ലാ സംഘടനകളും ഒറ്റക്കെട്ടായി അതിൽ പങ്കാളികളായി. എന്നാൽ അവരുടെ പ്രതിരോധമെല്ലാം ഇപ്പോൾ ശോഷിച്ചിരിക്കുന്നു.

പ്ലാന്റേഷനുകളിലെ ജോലിയിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾ ഏറെയും ഇന്ന് രോഗികളാണ്. അവരെയും ദുരന്തബാധിതരായി പരിഗണിച്ച് നഷ്ടപരിഹാരം നൽകണം എന്ന് ആവശ്യപ്പെട്ട് അവർ സമരം നടത്തുന്നുണ്ട്. ഇപ്പോൾ ജോലി ചെയ്യുന്നവരിലും രോഗികളുണ്ട്. അവരും എൻഡോസൾഫാൻ വിരുദ്ധ സമരത്തെ അനുകൂലിക്കുന്നുണ്ട്. അതോടെ തൊഴിലാളി സംഘടനകളുടെ ധാർഷ്ട്യം കുറഞ്ഞു. പക്ഷെ രാഷ്ട്രീയമായി എൻഡോസൾഫാനെതിരെ നിലപാടെടുക്കാൻ ഇന്നും തൊഴിലാളി സംഘടനകൾക്ക് കഴിഞ്ഞിട്ടില്ല. അവരെ സമർത്ഥമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ് പി.സികെ. തോട്ടങ്ങളിൽ മരുന്നുതളി നിർത്താൻ പാടില്ല എന്ന്

ആവശ്യപ്പെട്ട് അടുത്തിടെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും തൊഴിലാളി യൂണിയനുകൾ പി.സികെക്ക് കത്തെഴുതി. എല്ലാവരും അയച്ച കത്തിന്റെ കോപ്പി വിവരാവകാശ നിയമപ്രകാരം ഞങ്ങൾ എടുത്തപ്പോഴാണ് തട്ടിപ്പ് പുറത്തായത്. എല്ലാ സംഘടനകളും അയച്ചത് ഒരേ കത്ത്. ഒരക്ഷരം പോലും മാറ്റമില്ല. പി.സി.കെ തന്നെ സംഘടനകളെക്കൊണ്ട് കത്തെഴുതിക്കുകയായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. പി.സികെയുടെ താത്കാലിക ലാഭങ്ങൾക്ക് വേണ്ടി ഇന്നും തൊഴിലാളി സംഘടനകളും തൊഴിലാളികളും ഇരകളാക്കപ്പെടുകയാണ്.

### സമരം തുടരും

ജനകീയ സമരത്തെ എല്ലാവിധത്തിലും തകർക്കാനും തോൽപ്പിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും സമരത്തിൽ നിന്നും പിന്മാറാൻ ഞങ്ങൾ തയ്യാറല്ല. ആഗസ്റ്റ് 29 തിരുവോണ ദിവസം കാസർഗോഡിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാർ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ നിരാഹാര സത്യാഗ്രഹം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. നൂറിലധികം അമ്മമാർ ആ സമരത്തിൽ പങ്കെടുക്കും. തുടർന്നും പരിഹാരമൊന്നുമുണ്ടായില്ലെങ്കിൽ കേരളത്തിന്റെ പൊതുമനസാക്ഷിയെ ഉണർത്താൻ കഴിയുന്ന രീതിയിൽ അടുത്ത സമരഘട്ടങ്ങളിലേക്ക്, തീർത്തും അഹിംസാത്മകമായി ഞങ്ങൾ കടക്കും. അന്ന് മുഖ്യമന്ത്രി സമരപന്തലിന് മുന്നിലൂടെ കടന്നുപോകുമ്പോൾ ഞങ്ങൾക്ക് തടയാമായിരുന്നു. ചെറുപ്പക്കാർ അതിന് തയ്യാറായിരുന്നു. ജനകീയസമരത്തെ വേഗത്തിൽ അടിച്ചമർത്താൻ അതൊരു കാരണമായി മാറേണ്ട എന്ന് കരുതി മാത്രം പിൻവലിഞ്ഞതാണ്. ക്ഷമയോടെ മുന്നോട്ട് പോകുന്നത് തീവ്രതയോടെ സമരം നിലനിർത്താനും ലക്ഷ്യങ്ങളിലേക്ക് പടിപടിയായി അടുക്കാനുമാണ്.




ഫോട്ടോ: സിനിയ

**ജനകീയ സമരത്തെ എല്ലാവിധത്തിലും തകർക്കാനും തോൽപ്പിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും സമരത്തിൽ നിന്നും പിന്മാറാൻ ഞങ്ങൾ തയ്യാറല്ല. ആഗസ്റ്റ് 29 തിരുവോണ ദിവസം എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാർ മുഖ്യമന്ത്രിയുടെ വീട്ടുപടിക്കൽ നിരാഹാര സത്യാഗ്രഹം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. നൂറിലധികം അമ്മമാർ പങ്കെടുക്കും**

### ശാസ്ത്ര സമൂഹത്തിന്റെ കുമ്പസാരം

എൻഡോസൾഫാനല്ല കാസർഗോഡുണ്ടായ ദുരന്തങ്ങൾക്ക് കാരണമെന്നും രാസവളങ്ങളും കീടനാശിനികളും കൃഷിക്ക് അനിവാര്യമാണെന്നും വിശ്വസിച്ചിരുന്ന ശാസ്ത്രജ്ഞന്മാർ പലരും ഇപ്പോൾ അഭിപ്രായം മാറ്റിത്തുടങ്ങിയിട്ടുണ്ട്. കോൺകോർഡ് സെമിനാറിൽ പങ്കെടുക്കാനെത്തിയ സി.പി.സി.ആർ.ഐയിലെ ശാസ്ത്രജ്ഞന്മാർ ജൈവകൃഷി പ്രോത്സാഹിപ്പിക്കണമെന്ന നിലപാടാണെടുത്തത്. എൻഡോസൾഫാന് അനുകൂലമായ നിലപാടെടുക്കുയും അത് തുടർച്ചയായി എഴുതുകയും ചെയ്യുന്ന ഡോ. കെ.എം. ശ്രീകുമാർ പഠിപ്പിക്കുന്ന പടന്നക്കാട് കാർഷിക കോളേജിലെ മറ്റ് അധ്യാപകരുമായി ഞങ്ങൾ ബന്ധപ്പെട്ടിരുന്നു. അവർ ഞങ്ങളെ പൂർണ്ണമായും അനുകൂലിക്കുകയും ഡോ. ശ്രീകുമാറിന്റേത അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാട് മാത്രമാണെന്നും കാർഷിക കോളേജിന്റേതല്ലെന്നും പറഞ്ഞ് പത്രപ്രസ്താവനയിറക്കുകയും ചെയ്തു. അത് വലിയ നേട്ടമാണ്. വസ്തുതകൾ നിരത്തിവച്ച് ഡോ. ശ്രീകുമാറിനെതിരെ ഒരുപാട് ക്യാമ്പയിനുകൾ ഞങ്ങൾ നടത്തിയിരുന്നു. എൻഡോസൾഫാന്റെ കാര്യത്തിൽ ശാസ്ത്രലോകത്തിനുണ്ടായ പിഴവുകളും ചില ശാസ്ത്രജ്ഞന്മാരുടെ നിഗൂഢതാത്പര്യങ്ങളും കിട്ടുന്ന എല്ലാ സന്ദർഭങ്ങളിലും ഞങ്ങൾ തുറന്നുകാട്ടുന്നുണ്ട്.


ജൈവകൃഷിയെക്കുറിച്ച് ശാസ്ത്രസമൂഹം സംസാരിച്ച് തുടങ്ങിയെങ്കിലും അതിനുള്ള പ്രായോഗിക നടപടികളൊന്നും ഇതേവരെ ആരംഭിച്ചിട്ടില്ല.

ഔദ്യോഗിക സമീപനവും മാറിയിട്ടില്ല. ഹൈയീൽഡിംഗ് നെൽവിത്തുണ്ടാക്കിയ ടി. വനജയെപ്പോലുള്ള ശാസ്ത്രജ്ഞർക്കാണ് സർക്കാർ ഇപ്പോഴും കൃഷിവിജ്ഞാൻ അവാർഡ് നൽകുന്നത്. ജൈവവൈവിധ്യം നശിപ്പിച്ചുകൊണ്ട്, ജനിതകമാറ്റം വരുത്തിയ വിത്തുകളിൽ പരീക്ഷണം നടത്തുന്നവർക്കാണ് എപ്പോഴും പരിഗണന കിട്ടാറുള്ളത്. കൈപ്പാട് നിലങ്ങളിൽ കൃഷി ചെയ്യാവുന്ന കുറിയ നെൽവിത്തുകൾ വികസിപ്പിച്ചതാണ് വനജയുടെ സംഭാവന. കൈപ്പാട് നിലങ്ങൾ ഏറെയുള്ള ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിൽ നിന്നെല്ലാം നാടൻ വിത്തുകൾ അപ്രത്യക്ഷമായിരിക്കുന്നു. വിത്തില്ലാതെ കൃഷിചെയ്യാൻ കഴിയാത്ത അവസ്ഥയാണ് അവിടെ ഇന്ന് കർഷകർക്കുള്ളത്.

## മറ്റുള്ളവർ വിഷം കഴിക്കട്ടെ എന്നോ?

പൊതുസമൂഹത്തിൽ ജൈവകൃഷിക്ക് പ്രാധാന്യം കിട്ടുന്നുണ്ട്. പലരും ജൈവകൃഷിയിൽ താത്പര്യം പ്രകടിപ്പിച്ച് എന്നെ സമീപിക്കാറുണ്ട്. ഞാൻ കേരളമെമ്പാടും സഞ്ചരിച്ച് ജൈവകൃഷിയുടെ നിരവധി ക്ലാസുകളെടുത്തു. എന്നാൽ ജൈവകൃഷിയോട് താത്പര്യം കാണിക്കുന്ന പലരും അവരുടെ ഗ്രാമത്തിലോ തൊട്ടടുത്ത ഗ്രാമത്തിലോ നടക്കുന്ന എൻഡോസൾഫാൻ രാസവിഷത്തിനെതിരെ നടക്കുന്ന ഇരകളുടെ സമരത്തിനോട് വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല. അവനവൻ കഴിക്കുന്ന ഭക്ഷണം മാത്രം വിഷമില്ലാത്തതാക്കി മാറ്റുക എന്ന താകരുത് ജൈവകൃഷി ചെയ്യുന്നവരുടെ ചിന്ത.

ഇത്രയുമൊക്കെ കണ്ടിട്ടും കേട്ടിട്ടും രാസവിഷത്തിന്റെ ഭീകരത ഇപ്പോഴും മനസിലാക്കത്തവർ കാസർഡോഡ് നിരവധിയുണ്ട്. 15 വർഷമായി കൃഷി ചെയ്ത് ജീവിക്കുന്ന കർഷകരുടെ വീട്ടിൽ ഞങ്ങൾ ചെല്ലുമ്പോൾ ഇത്രയും നാൾ എൻഡോസൾഫാൻ തളിച്ചിട്ടും ഞങ്ങൾക്ക് ഒരു കുഴപ്പവുമില്ല എന്ന് അവർ വലിയ ആത്മവിശ്വാസത്തോടെ പറയാറുണ്ട്. എന്നാൽ പുറത്തേക്ക് വരാൻ കഴിയാത്തവിധം വൈകല്യങ്ങൾ ബാധിച്ച ചെറിയ മുഖങ്ങൾ അയാളുടെ വീടിന്റെ ഇരുണ്ട കോണുകളിൽ അപ്പോഴുമുണ്ടാകും. എൻഡോസൾഫാൻ പ്രശ്നമൊന്നുമുണ്ടാക്കിയില്ല എന്ന് പറയുന്ന പല കർഷകരുടെ



എ. മോഹൻകുമാർ

യും വീട്ടിൽ രോഗബാധിതരായ കുട്ടികളെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. താൻ എൻഡോസൾഫാൻ തളിച്ചതിന്റെ ദുരന്തമാണ് ആ കുട്ടികൾ അനുഭവിക്കുന്നതെന്ന് പക്ഷെ അവർ തിരിച്ചറിയുന്നില്ല.

## ഏകവിളകളുടെ അന്ത്യം

ഏകവിള തോട്ടങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഇന്ന് നാം വ്യാപകമായി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ ഏകവിള തോട്ടകൃഷി അവസാനിപ്പിക്കണമെന്നും സമരത്തിന്റെ ഭാഗമായി ഞങ്ങൾ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ കശുമാവ് ലാഭകരമല്ലാതെയായി മാറിയതോടെ റബ്ബറിലേക്കാണ് അവർ തിരിഞ്ഞിരിക്കുന്നത്. കശുമാവ് പ്ലാന്റേഷനിൽ ഇടവിളകളെങ്കിലും ചെയ്യാൻ സാധ്യതയുണ്ടായിരുന്നു. റബ്ബർ വരുന്നതോടെ അതും അവസാനിക്കും. അത് അനുവദിക്കാൻ പാടില്ല. ഫലവൃക്ഷങ്ങളും മറ്റും നട്ട് ആ മണ്ണും ഭൂമിയും തിരിച്ചുപിടിക്കാനുള്ള നടപടികൾ ആരംഭിക്കണം. ഏകവിള ത്തോട്ടങ്ങൾക്ക് ഇനി ഭാവിയില്ല.

## ഭൂമി ആദിവാസികൾക്ക്

1970 കളിൽ വനം വകുപ്പിന്റെ പക്കൽ നിന്നും കാസർഗോഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്ലാന്റേഷൻ കോർപ്പറേഷൻ വനഭൂമി ഏറ്റെടുക്കുമ്പോൾ ആ ഭൂമിയിലുണ്ടായിരുന്ന ആദിവാസികളെല്ലാം കുടിയൊഴിപ്പിക്കപ്പെട്ടു. കാടിനെ ആശ്രയിച്ച് സമ്പൽസമൃദ്ധിയോടെ ജീവിച്ചിരുന്ന ഇവർ കാട്ടിൽ നിന്നും പുറത്താക്കപ്പെട്ടു. മിക്കവർക്കും പകരം കിട്ടയതോ, പാറക്കെട്ടുകൾക്ക് മുകളിൽ രണ്ടോ മൂന്നോ സെന്റ് സ്ഥലം. കാടിൽ യഥേഷ്ടം കിഴങ്ങുകൾ ഭക്ഷിച്ചും ചെറിയ മൃഗങ്ങളെ വേട്ടയാടിയും ജീവിച്ചിരുന്ന ഇവരുടെ അവസ്ഥ ഇന്ന് അതിദയനീയമാണ്. കാസർഗോഡ് ജില്ലയിൽ ആദിവാസികളെ മാറ്റിപ്പാർപ്പിച്ച സ്ഥലങ്ങളിലെല്ലാം വെറും പാറ മാത്രമാണുള്ളത് എന്ന് നമുക്ക് കാണാൻ കഴിയും. കൃഷി ചെയ്യാനാകാതെയും കുടിവെള്ളം കിട്ടാതെയും വലയുന്ന ഈ ആദിവാസികളുടെ പ്രശ്നവും പരിഗണിക്കപ്പെടണം. അവർ സംഘടിതരല്ല, അവർക്കു വേണ്ടി സംസാരിക്കാനുമാരുമില്ല. പി.സി.കെയുടെ തോട്ടങ്ങൾ ഭൂരഹിതരായ ഇവർക്ക് കൃഷി ചെയ്യാൻ സർക്കാർ വിട്ടുകൊടുക്കണം എന്ന മുദ്രാവാക്യവും ഞങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.

## കാസർഗോഡിന്റെ മാത്രം ദുരന്തമല്ല

എൻഡോസൾഫാൻ ദുരന്തം കാസർഗോഡ് മാത്രം സംഭവിക്കുന്ന എന്തോ ഒന്നാണ് എന്ന ധാരണയാണ് ഇപ്പോഴും കേരള സമൂഹത്തിൽ മുഴച്ച് നിൽക്കുന്നത്. ആകാശത്ത് നിന്നും കശുമാവ് തോട്ടങ്ങളിൽ തളിച്ച എൻഡോസൾഫാനാണ് കാസർഗോഡ് പ്രശ്നമായതെങ്കിൽ കേരളീയ സമൂഹം ഇന്ന് കഴിക്കുന്ന പച്ചക്കറികളിലുള്ള എൻഡോസൾഫാനാണ് വൈകാതെ നമുക്ക് ഭീഷണിയാകാൻ പോകുന്നത്. കമ്പോളത്തിലെത്തുന്ന കറിവേപ്പില പോലും എൻഡോസൾഫാനോ അതിനേക്കാൾ മാരകമായ വിഷമോ തളിച്ചവയാണ്. ഇന്ന് കാസർഗോഡ് അനുഭവിക്കുന്ന ദുരിതങ്ങൾ നാളെ കേരള സമൂഹം ഒന്നടങ്കം അനുഭവിക്കേണ്ടിവരും എന്നതിന്റെ സൂചനയാണ് ഇവ നൽകുന്നത്. കാസർഗോഡ് എൻഡോസൾഫാൻ തളിച്ചുതുടങ്ങിയ കാലത്ത് ചെറുപ്പക്കാരായിരുന്നവരുടെ കുട്ടികളിലാണ് രോഗങ്ങൾ കണ്ടുതുടങ്ങിയത്.

എൻഡോസൾഫാൻ പോലെയുള്ള ഓർഗാനോക്ലോറിൻ വിഭാഗത്തിൽപ്പെടുന്ന കീടനാശിനികൾ ഏറെയും ജനിതക രോഗങ്ങളാണുണ്ടാക്കുന്നത്. അതുകൊണ്ട് വിഷം കഴിക്കുന്ന കേരളീയർ ഇന്ന് സസുഖം കഴിഞ്ഞുപോകുന്നുണ്ടെങ്കിലും നാളത്തെ തലമുറ രോഗങ്ങളുടെ പിടിയിലാകുമോ എന്ന് നമ്മളും പേടിക്കേണ്ടിയിരിക്കുന്നു.